**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ് - ആലപ്പുഴ ജില്ലാപഞ്ചായത്ത് - ആലപ്പുഴ ജില്ലയിൽ പാലിയേറ്റിവ് പ്രവർത്തനം - ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

**സ.ഉ(സാ.ധാ) നം.2891/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 13.11.2018**

==================================================================

**പരാമർശം:-** 1) ആലപ്പുഴ ജില്ലാപഞ്ചായത്ത് പ്രസിഡന്റിന്റെ 21.07.2018 തീയതിയിലെ PL/4463/17 നമ്പർ കത്ത്.

2) ആലപ്പുഴ ജില്ലാകളക്ടറുടെ 30.07.2018 തീയതിയിലെ 2895/2018/ഡിപിസി/ഡിപിഒ/എഎൽപി നമ്പർ കത്ത്.

3) വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാന തലകോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 5/9/2018 തീയതിയിലെ തീരുമാനം നമ്പർ 4.7(i).

**ഉത്തരവ്**

ആലപ്പുഴ ജില്ലാപഞ്ചായത്തിലെ 2018-2019 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പാലിയേറ്റിവ് പ്രവർത്തനം നടത്തുന്ന സൊസൈറ്റികൾക്ക് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനായി 75.00 ലക്ഷം രൂപ അടങ്കൽ തുകയുള്ള പ്രോ.നം.08/19ന് അനുമതി നൽകണമെന്ന പ്രകാരം ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ പരാമർശം (1) ലെ അപേക്ഷ അപേക്ഷ പരാമർശം (2) പ്രകാരം ആലപ്പുഴ ജില്ലാ കളക്ടർ സർക്കാരിൽ ലഭ്യമാക്കുകയുമുണ്ടായി.

2. ഇക്കാര്യം വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മിറ്റി പരിശോധിച്ചു. ടി കമ്മിറ്റിയുടെ പരാമർശം (3)ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പാലിയേറ്റിവ് പ്രവർത്തനത്തിനുള്ള ഉപകരണങ്ങൾ രജിസ്റ്റർ ചെയ്യുന്നതും മികച്ച രീതിയിൽ പ്രവർത്തിക്കുന്നതുമായ സൊസൈറ്റികൾക്ക് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് ആലപ്പുഴ ജില്ലാപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു. സൊസൈറ്റികൾക്ക് മാത്രമായി നൽകാവുന്നതല്ല. ഇതോടൊപ്പം പി.എച്ച്.സി.ക്കും ഉപകരണങ്ങൾ വാങ്ങി നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**

**ജോയിന്റ് സെക്രട്ടറി**

ജില്ലാകളക്ടർ, ആലപ്പുഴ
ജില്ലാപഞ്ചായത്ത് സെക്രട്ടറി,ആലപ്പുഴ
മെഡിക്കൽ ഓഫീസർ,ആറാട്ടുപുഴ ഗവൺമെന്റ് ഫിഷറിസ് ഡിസ്പെൻസറി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ